# ചരിത്രവും മിത്തും 'അടിയാളപ്രേത'ത്തിൽ

ഡോ. ബീനാകൃഷ്ണൻ. എസ്.കെ

**ആമുഖം**

ചരിത്രമുറങ്ങുന്ന ഇടവഴികളിലെ മായ്ക്കാനാകാത്ത ചോരക്കറയിൽ നൂറ്റാണ്ടുകളിലെ മനുഷ്യരോദനങ്ങൾ ഉറഞ്ഞുകൂടിയിരിക്കാം. ആരുമറിയാതെ അറ്റുപോയ പ്രതീക്ഷകളും തകർന്നുപോയ ജീവിതങ്ങളും അവയിലൂടെ നേർത്ത് ഇല്ലാതായി പോയിരിക്കാം. തുടർന്ന് പുനർജനിക്കുന്ന മിത്തുകളിലൂടെ അടിച്ചമർത്തപ്പെട്ടവന്റെ ആത്മാവിന് ദൈവപരിവേഷം നൽകി ആരാധനാമൂർത്തിയാക്കുന്ന പ്രവണത കേരളത്തിൽ വിരളമല്ലാത്ത ഒരു കാഴ്ചയാണ്. ഇത്തരത്തിൽ കീഴാളന്റെ ചാരത്തിൽ നിന്നും ഉയർന്നുവന്ന നാടാണ് നമ്മുടേത്. സാഹിത്യലോകം ഇത് ഏറ്റെടുത്തതോടെ ചരിത്രവും അതിനെ പിൻപറ്റി വരുന്ന മിത്തുകളും സാഹിത്യലോകത്തിൽ രചനാവിഷയമായി മാറി.
ചരിത്രത്തിനെയും മിത്തിനെയും സംരക്ഷിക്കുന്ന ഒരിടമാണ് കൊച്ചി. വൈദേശിക ആഗമനത്താലും അസമത്വങ്ങളാലും അസ്ഥിരമായി നിന്ന കൊച്ചിയിൽ ലോകം അറിയാതെപോയ അടയാളങ്ങൾ ഇന്നും ബാക്കിയാണ്. ഈ ചരിത്രവും മിത്തും വായനക്കാരിലേക്കെത്തിച്ച വേറിട്ട എഴുത്തുകാരനാണ് പി. എഫ് മാത്യൂസ്. തീരദേശവും കൊച്ചിയും ചരിത്രവും മിത്തുമൊക്കെ പി. എഫ്. മാത്യൂസിൻറെ സൃഷ്ടികളിൽ സ്വതവേ കടന്നുവരുന്നവയാണ്. 2020 ലെ മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച 'അടിയാളപ്രേതം' എന്ന കൃതി പി. എഫ്. മാത്യൂസിൻറെ സാഹിത്യപൂർവകാലത്തിന്റെ ആവർത്തനമോ തുടർച്ചയോ ആയി കാണാം.

**ഇതിവൃത്തസൂചന:**

മൂന്നു കാലങ്ങളുടെ സംയോജനമാണ് 'അടിയാളപ്രേതം' എന്ന കൃതിയുടെ കാതൽ. 1663-ൽ പോർച്ചുഗീസുകാർ ഡച്ചുകാരുടെ ആക്രമണത്തെ തുടർന്ന് ഇവിടെനിന്നും പലായനം ചെയ്യാൻ തീരുമാനിച്ചതോടെ തങ്ങളുടെ നിധിയ്ക്ക് കാവലായി ആത്മാക്കളെ നിയോഗിക്കാനായി അവരുടെ അടിമകളായ കാപ്പിരികളെ കൊന്ന് നിലവറകളിൽ ഉപേക്ഷിച്ചു. ഇത്തരത്തിൽ ഒരു കാപ്പിരിയാണ് പിന്നീട് കാപ്പിരി മുത്തപ്പൻ എന്ന വിശ്വാസത്തിലെത്തി ആരാധനാമൂർത്തിയായി നിലകൊള്ളുന്നതും

ഇതേ കാര്യം തന്നെയാണ് 1950 കളിൽ കൊല്ലപ്പെട്ട കുഞ്ഞുമാക്കോതയുടെയും കഥ. ഇത്തരത്തിൽ അടിച്ചമർത്തലുകൾ നൂറ്റാണ്ടുകൾ കൊണ്ടൊന്നും മാറുന്നതല്ല എന്ന സത്യം ചരിത്രം തെളിയിക്കുന്നു. അവരുടെ അടുത്ത തലമുറകൂടി അന്വേഷകരായി ഇറങ്ങിത്തിരിച്ചപ്പോൾ ഈ കൃതിക്ക് മറ്റൊരുതലം കൂടി ഉണ്ടായെന്ന് പറയാം. ഇത്തരം ചരിത്രനിഷ്ഠമായ കൃതികൾ ഒരു പക്ഷേ ഉറങ്ങിക്കിടന്ന ചരിത്രത്തിലേക്കുള്ള തേടലുകൾ കൂടിയാണ്.

കുഞ്ഞുമക്കോതയെന്ന അടിയാളന്റെയും അച്ചമ്പി എന്ന പ്രമാണിയുടെയും കഥയിലൂടെയാണ് അടിയാളപ്രേതം തുടങ്ങുന്നത്. നാട്ടിലെ എല്ലാവിധ സഹായങ്ങളിലും അല്ലെങ്കിൽ പൂജാദികർമ്മങ്ങളിലും കുഞ്ഞുമ്മക്കോതയായിരുന്നു സ്ഥിരസാന്നിദ്ധ്യം. അച്ചമ്പിയുടെ അടിമയായി കുഞ്ഞുമ്മക്കോത നിലനിൽക്കുമ്പോഴാണ് നൂറ്റാണ്ടുകൾക്കപ്പുറം 1663-ൽ നടന്ന അടിയാളപ്രേതത്തിൻറെ കഥയും കടന്നുവരുന്നത്. അച്ചമ്പി മാപ്പിളയ്ക്ക് കുഞ്ഞുമ്മക്കോത എന്ന കീഴാളന്റെ സഹായം ആശ്രയിക്കേണ്ടതായി വരുന്നു. കുഞ്ഞുമ്മക്കോതയിൽ തീണ്ടലും തൊടീലും കൊണ്ടുവന്ന് അകറ്റി നിർത്താൻ അച്ചമ്പി ആഗ്രഹിച്ചിരുന്നില്ല. സ്വന്തം പറമ്പിൽ കുഞ്ഞുമാക്കോതയ്ക്കും കുടുംബത്തിനും താമസസൗകര്യം ഏർപ്പെടുത്തിയപ്പോൾ ഒരു അയിത്തവും അയാളുടെ കൈയ്യിൽ വിലങ്ങുവച്ചതുമില്ല. നൂറ്റാണ്ടുകൾക്ക് മുന്നേ ഉള്ള അൽമേഡ സായിപ്പിൻറെ അതേവേഷം തന്നെയാണ് അച്ചമ്പി ജീവിതമാകുന്ന നാടകത്തിലും കൈകാര്യം ചെയ്തിരിക്കുന്നത്.

**പൂർവകഥ – വിശ്വാസവും തുടർച്ചയും**

കഥയുടെ ആരംഭം പോർച്ചുഗീസുകാരുടെ വരവോടെയാണ്. കച്ചവടത്തിനും പിടിച്ചടക്കലിനുമൊക്കെയായി കൊച്ചിയിലെത്തിയ പോർച്ചുഗീസുകാരൊടൊപ്പം അരോഗദൃഢഗാത്രരും ഉരുക്കുപേശികളുമുള്ള ആഫ്രിക്കൻ വംശജരായ അടിമകളും ഉണ്ടായിരുന്നു. സ്വന്തം ആവശ്യങ്ങൾക്കും ആഗ്രഹപൂർത്തിക്കുമായി അവരെ പൂർണ്ണമായും പോർച്ചുഗീസുകാർ മുതലെടുത്തിരുന്നു. ഒടുവിൽ ഡച്ചുകാരുടെ ആക്രമണത്തോടെ പോർച്ചുഗീസുകാർ പടുത്തുയർത്തിയ സാമ്രാജ്യം ഇവിടെ അസ്തമിച്ചു. തങ്ങളുടെ നിലനിൽപ്പിനെ ഭയന്ന് അവർക്ക് കൊച്ചിയിൽനിന്ന് പലായനം ചെയ്യേണ്ടതായി വന്നു. അതിൽ പ്രധാനിയായ അൽമേഡ സായിപ്പ് തന്റെ അളവ്വ നിധിയിൽ ആശങ്കാകുലനായി നിൽക്കുന്ന സമയത്താണ് ഈ നിധി തങ്ങൾ പോയിക്കഴിഞ്ഞ് ഇവിടേക്ക് വരുന്ന തങ്ങളുടെ പിൻഗാമികൾക്ക് നൽകണമെന്നും അതിനായി ഇത് സംരക്ഷിക്കണമെന്നുമുള്ള ചിന്ത കടന്നുവരുന്നത്. പിൻഗാമികൾ അല്ലെങ്കിൽ തങ്ങളെങ്കിലും തിരികെ വരുമെന്നും ഈ പലായനം താല്ക്കാലികമാണെന്നുമുള്ള ആത്മവിശ്വാസം കാപ്പിരികളുടെ ജീവനെടുക്കാൻ അൽമേഡയെ പ്രേരിപ്പിച്ചു. ഒടുവിൽ തന്റെ അടിമയായ കാപ്പിരിയെ കുത്തിവീഴ്ത്തി നിധിയുടെ നിലവറയിലേക്ക് തള്ളിയിട്ടപ്പോൾ അടിയാളന്റെ

പ്രേതം ആ നിധിയ്ക്ക് കാവലുണ്ടാകുമെന്ന് അയാൾ വിശ്വസിച്ചു. ഇത്തരത്തിൽ നരബലി നടത്തുന്ന രീതി അവർക്കിടയിൽ സർവ്വസാധാരണമായിരുന്നു. ആ കാപ്പിരിയുടെ ചോര തളം കെട്ടി നിന്ന നിലവറ പൂട്ടി രാത്രിയ്ക്ക് രാത്രി അവർ നാടുകടന്നു. പണത്തിനും മറ്റും ഇത്രയും അത്യാർത്തി ഉള്ളവർ അതിന് അടിയാളന്റെ ആത്മാവിനെ കാവൽ നിർത്തി പോകണമെങ്കിൽ അവർ അതിൽ എത്രത്തോളം വിശ്വാസം പുലർത്തുന്നു എന്നത് ഊഹിക്കാവുന്നതേയുള്ളൂ. 1666-ൽ പോർച്ചുഗീസുകാർ പലായനം ചെയ്തുവെങ്കിലും അതൊരു തുടക്കമായിരുന്നു.

വർഷങ്ങൾക്കിപ്പുറം 1950 കളിലാണ് അച്ചമ്പി എന്ന പ്രമാണിയും കുഞ്ഞുമ്മക്കോതയും നൂറ്റാണ്ടുകൾക്ക് മുമ്പ് ഉണ്ടായിരുന്ന കഥയ്ക്ക് ആവർത്തനം ഉണ്ടാകുന്നത്. ഒരു പാത്രത്തിൽ ആഹാരം കഴിച്ചും, കള്ളുകുടിച്ചും ഒരുമിച്ച് നടന്നും അയിത്തവും തൊട്ടുകൂടായ്മയും കാറ്റിൽ പറത്തിയ സവർണ-അവർണ ബന്ധമായിരുന്നു അച്ചമ്പിയും കുഞ്ഞുമക്കോതയും തമ്മിലുണ്ടായിരുന്നത്, കുഞ്ഞുമക്കോതയും ഭാര്യ ചീരയും മക്കളും അച്ചമ്പിയിൽ ആശ്രയം അർപ്പിച്ച് ജീവിക്കുന്നവരാണ്. ധൈര്യത്തെ മുറുകെപ്പിടിക്കുന്ന ചീര കുഞ്ഞുമാക്കോതയുടെ ശക്തി തന്നെയാണെന്ന് പറയേണ്ടിയിരിക്കുന്നു. കുഞ്ഞുമാക്കോത മന്ത്രങ്ങളും തന്ത്രങ്ങളും പഠിച്ചവനാണെന്ന ധാരണയാണ് കാപ്പിരി സേവയ്ക്കായി അച്ചമ്പി അയാളെ നിർത്തിയതും അയാൾ അച്ചമ്പിയുടെ വിശ്വസ്തനായി മാറിയതും. എന്നാൽ ആവശ്യങ്ങൾക്ക് മാത്രമുള്ള ആ സൗഹൃദം കുഞ്ഞുമാക്കോതയുടെ ജീവനെടുക്കാൻ തന്നെ കാരണമായി. കാപ്പിരിസേവ നല്ലതല്ലെന്ന് പറഞ്ഞ് അച്ചമ്പിയുടെ ഭാര്യയും ചീരയും തങ്ങളുടെ ഭർത്താക്കന്മാരെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. അച്ചമ്പിയുടെ ക്രൂരപീഡനങ്ങൾ മറുവാക്കില്ലാതെ സ്വീകരിക്കുമ്പോഴും കുഞ്ഞുമക്കോതയിൽ തൻറെ യജമാനനോട് ഒട്ടും തന്നെ വെറുപ്പ് തോന്നിയിരുന്നില്ല.  കാരണം അത്തരം പ്രശ്നങ്ങൾ പരിഹരിക്കാനും മാപ്പ് ഇരക്കാനും കൗശലക്കാരനായ അച്ചമ്പി മിടുക്കനായിരുന്നു. ഒരുദിവസം ചീരയേയും രണ്ടുമക്കളേയും കുഞ്ഞുമക്കോത നാടുകടത്തി. പുതിയ ജീവിത പ്രതീക്ഷകളുമായി കാഞ്ഞിരപ്പള്ളിയിൽ കുഞ്ഞുമക്കോതയ്ക്കായി അച്ചമ്പി എഴുതിക്കൊടുത്ത മൂന്നരയേക്കാൾ പറമ്പിലെ ചെറുചായ്പ്പിൽ ചീര മക്കളുമായി കുഞ്ഞുമക്കോതയ്ക്കായി കാത്തിരുന്നു. ആ സമയം അവരുടെ പ്രതീക്ഷകളിൽ നിഴൽ വീഴ്ത്തികൊണ്ട് നിർത്തിയിട്ട ജീപ്പിൽ നിന്നും മൂർച്ചേറിയ കൊടുവാളുമായി എത്തിയ കുറച്ചുപേർ ചീരയേയും മക്കളേയും വെട്ടിവീഴ്ത്തി. കാപ്പിരികളിപ്പാട്ടവുമായി കളിച്ചുകൊണ്ടിരുന്ന ഇളയകുഞ്ഞിൻറെ ചോരയും നിലത്തു തെറിച്ചതോടെ അവർ മടങ്ങി. പാലത്തിങ്കൽ അവറാച്ചനും ചേലാട്ട് കുഞ്ഞുരാമമേനോനും അയാളുടെ അനിയൻ കുഞ്ഞുണ്ണിയുമായിരുന്നു അവരെന്ന് ഈ കഥാന്ത്യത്തിൽ മനസ്സിലാകുന്നുണ്ട്. അച്ചമ്പി കുഞ്ഞുമക്കോതയുടെ ജീവൻ കുടി എടുത്തതോടെ ആ കുടുംബം നാമാവശേഷമായി. കുഞ്ഞുമക്കോത

നാടുകടന്നുവെന്ന് നാട്ടുകാരും വിശ്വസിച്ചു, അച്ചമ്പി ദീവസങ്ങൾക്കിപ്പുറം കിടപ്പിലാകുകയും മരിക്കുകയും ചെയ്തു.

ദുരൂഹതയുടെ ഇരുൾ പരപ്പിലൂടെ കാലം കടന്നുപോയി. മണ്ണിട്ട് മൂടിയ കാപ്പിരിയിലും കുഞ്ഞുമക്കോതയിലും ഉറഞ്ഞു കൂടിയ ചോരക്കറയിലും ചരിത്രം കണ്ണിചേർക്കപ്പെട്ടിരുന്നു. അതിന്റെയൊക്കെ ബാക്കിയെന്നപോലെ കാലങ്ങൾക്കിപ്പുറം മട്ടാഞ്ചേരി പോലീസ് സ്റ്റേഷനിൽ ഉണ്ണിച്ചെക്കൻ എന്ന എസ്.ഐ പുതുതായി ചാർജ് എടുത്തത്. ഗോഡൗണിനടുത്തുള്ള ലോഡ്ജിനുമുമ്പിൽ പാണ്ടിലോറി ഇടിച്ച് ഒരാൾ മരിച്ചു എന്ന വാർത്തയാണ് അയാളെ സ്വീകരിച്ചത്. ആ മുറിയിൽ താമസത്തിനായി ഒരു ലതർ ബാഗുമായി എത്തിയ വ്യക്തിയുടെ പിന്നാലെ കൂടിയ ആളാണ് മരണത്തിന് ഇരയായത്. ഇതിനൊക്കെ പിന്നിലെ ദുരൂഹതയും ഇടയ്ക്ക് സ്വപ്നദർശനം പോലെ കടന്നുവരുന്ന കാപ്പിരിയുടെ ദാരുണാന്ത്യവുമൊക്കെ ഉണ്ണിച്ചെക്കന്റെ മനസ്സിനെ വല്ലാതെ അലട്ടിയിരുന്നു. ആ നാടിനെ അടുത്തറിഞ്ഞ കറുപ്പന്റെ ചരിത്രകഥനങ്ങളിലൂടെയാണ് ഉണ്ണിച്ചെക്കൻ എല്ലാം കൂടുതൽ ആഴത്തിൽ അറിയുന്നത്. കാപ്പിരിയുടെയും അൽമേഡ സായിപ്പിന്റെയും കഥയും നിധിയ്ക്കായുള്ള മനുഷ്യരുടെ പരക്കംപാച്ചിലും ഒരു ദീർഘനിശ്വാസത്തിലൂടെ അയാളിൽ അലിഞ്ഞുചേർന്നു.

ലോഡ്ജിൽ വന്നയാൾ പാണ്ട്യാലയ്ക്കൽ അച്ചമ്പിയുടെ മകൻ സേവ്യറാണെന്നും ആ ലെതർബാഗിനുള്ളിൽ അയാളുടെ മകന്റെ മൃതശരീരമാണെന്നും അത് കണ്ട് ഭയന്നോടിയ കള്ളനാണ് ലോറി ഇടിച്ചു മരിച്ചതെന്നും ഉണ്ണിച്ചക്കൻ മനസ്സിലാക്കുന്നു. അയാളുടെ അന്വേഷണങ്ങൾ വ്യാപരിച്ച് അച്ചമ്പിയുടെയും കുഞ്ഞുമക്കോതയുടെയും അടുക്കൽ വരെയെത്തിയപ്പോൾ എന്തോ ഒന്ന് അയാളുടെ കണ്ണുകളെ ഈറനണിയിക്കുന്നു. അച്ചമ്പിയുടെ വീട്ടുമുറ്റത്തെ കാപ്പിരിത്തറ കുത്തിതുറന്നപ്പോൾ കണ്ട തലയില്ലാത്ത ഒരു കാലിന് മുടന്തിന്റെ ലക്ഷണങ്ങളുള്ള അസ്ഥികൂടത്തെ നോക്കിക്കരയുന്ന ഉണ്ണിച്ചെക്കനിൽ സി.ഐ ബഞ്ചമിന് സംശയം ജനിക്കുന്നു. നാളുകൾക്ക് ശേഷമുള്ള ബഞ്ചമിന്റെ അന്വേഷണത്തിൽ ഉണ്ണിച്ചെക്കനെക്കുറിച്ചുള്ള സത്യങ്ങൾ അയാൾ അറിയുന്നു. ഉണ്ണിച്ചെക്കനെയും കൂട്ടി പാലത്തിങ്കൽ അവറാച്ചനെ കാണാൻ ചെന്നപ്പോഴും തളർന്നു കിടന്ന അയാളിൽ നിന്നും ഭയാനകമായ നിലവിളി ഉയർന്നപ്പോഴും മരിച്ചുപോയ കുഞ്ഞുമക്കോതയുടെ മകനാണോ ഉണ്ണിച്ചെക്കൻ എന്ന സംശയം വായനക്കാരിൽ ജനിക്കുന്നു. പെട്ടെന്നൊരു ദിവസം ഉണ്ണിച്ചെക്കനെ കാണാതായപ്പോൾ സി.ഐ ബഞ്ചമിനും ഇതേ സംശയം ഉണ്ടാകുന്നു.

ഉണ്ണിച്ചെക്കന്റെ തിരോധാനം ദുരൂഹതയുടെ ഭണ്ഡാരക്കെട്ടുകൾ തുറന്നു. അങ്ങനെയൊരാൾ സർവ്വീസിലില്ലെന്നറിഞ്ഞതോടെ ബഞ്ചമിന്റെ സംശയം ബലപ്പെട്ടു. ഉണ്ണിച്ചെക്കൻ നൽകിയ മേൽവിലാസം വാഗമണ്ണിലെ ഏതോ ഒരു ശ്മശാനത്തിൻറെതാണെന്നു മനസ്സിലാക്കിയ ബഞ്ചമിൻ

ഉണ്ണിച്ചെക്കൻ ബാക്കിയാക്കിപ്പോയ അന്വേഷണം ഗൗരവത്തോടെ ഏറ്റെടുക്കുകയും ചെയ്തു. കുഞ്ഞുമക്കോതയുടെയും ചീരയുടെയും മരണത്തിന്റെ ഉറവിടം തേടിപ്പോയിടത്തൊക്കെ ഉണ്ണിച്ചെക്കൻറെ സാന്നിദ്ധ്യം ഉണ്ടായിരുന്നു എന്നറിഞ്ഞ ബഞ്ചമിന് ഉണ്ണിച്ചെക്കൻ കുഞ്ഞുമക്കോതയുടെയും ചീരയുടെയും മകനാണെന്ന ചിന്ത പ്രബലമായി. ഒടുവിൽ പാലത്തിനടുത്ത് നിന്ന് ചുരുട്ട് വലിക്കുന്ന അരോഗദൃഢഗാത്രനായ ആളെക്കണ്ട് പേടിച്ച് ആക്സിഡൻറിലായ ബഞ്ചമിനെ ആശുപത്രിയിലാക്കിയതാരെന്ന ചോദ്യത്തിന് അയാളുടെ പേര് ഉണ്ണിച്ചെക്കനാണെന്ന ജീവനക്കാരുടെ മറുപടി കേട്ട് അത്ഭുതപ്പെട്ട് നിൽക്കാനല്ലാതെ അതിനുള്ളിലെ യുക്തി തിരയാൻ ആർക്കും സാധിച്ചില്ല. കറുപ്പന്റെ മരണം ചരിത്രം തേടാനാകാതെ വലച്ചുവെങ്കിലും സേവ്യർ ചെയ്ത കാര്യത്തെ പള്ളിവികാരി കൂടുതൽ വ്യക്തമാക്കി. ആഫ്രിക്കയിൽ ഇത്തരത്തിൽ കുട്ടികളുടെ മൃതദേഹം എടുക്കുന്ന പതിവുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഉണ്ണിച്ചെക്കനിലേക്കുള്ള ദൂരം യുക്തിക്കപ്പുറമാണെന്ന തിരിച്ചറിവിൽ സി.ഐ ബഞ്ചമിൻ എത്തിച്ചേരുന്നു.

കഥയുടെ ഒഴുക്ക് പലയിടത്തും നഷ്ടപ്പെടുന്നു എന്നു തോന്നുന്നത് ഇതൊരു തിരക്കഥയുടെ എന്നതുപോലെ മാറിയതിനാലാണ്. കറുപ്പനിലൂടെയാണോ ഈ കൃതി സഞ്ചരിക്കുന്നതെന്ന് പലപ്പോഴും തോന്നിപ്പോകും എങ്കിലും ഈ കഥയുടെ അവസാനം ചീരയിലേക്ക് കേന്ദ്രീകരിക്കുന്നുണ്ട്. കുഞ്ഞുമക്കോതയിൽ മാത്രമാണ് സ്ത്രീകളോടുള്ള ബഹുമാനവും സ്നേഹവും കാണാൻ സാധിക്കുന്നത്. അടിമയായ കുഞ്ഞുമക്കോതയിൽ കാണുന്ന ദൃഢമായ സ്നേഹബന്ധം വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. വെട്ടിപ്പിടിക്കലുകൾക്കായി നെട്ടോട്ടമോടുന്ന മേലാളവർഗ്ഗം പലപ്പോഴും

സ്നേഹിക്കാൻ മറന്നുപോകുന്നു എന്നിടത്താണ് അവരുടെ പരാജയം, അടിയാളപ്രേതം എന്ന ഈ കൃതി ചരിത്രത്തിനും മിത്തിനുമപ്പുറം പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളെ പറയാതെ പറയുന്നു എന്നതും സത്യമാണ്. അതിലൂടെയാണ് അടിയാളപ്രേതം വ്യത്യസ്തമാകുന്നതും

**അടിയാളപ്രേതത്തിലെ അപസർപ്പക പരിസരം**

അടിയാളപ്രേതത്തിന്റെ കഥാതന്തുവിനെ വ്യാപിപ്പിക്കുന്നത് അതിന്റെ അന്വേഷണ പ്രകൃതം തന്നെയാണ്. മൂന്നുകാലങ്ങളിലായി കഥ വ്യാപരിക്കുമ്പോൾ മൂന്നാം കാലത്തിൽ കഴിഞ്ഞ നൂറ്റാണ്ടുകളിലെ വേദനകളുടെ കാരണക്കാരെയും കുറിച്ചുള്ള അന്വേഷണമായിരുന്നു ഉണ്ടായിരുന്നത്. ഉണ്ണിച്ചെക്കനിലൂടെ തുടങ്ങുന്ന അന്വേഷണം പകുതിവഴിയിൽ അവസാനിക്കുമ്പോൾ സി.ഐ ബഞ്ചമിൻ ആ അന്വേഷണം തുടരുന്നു. അത്തരത്തിൽ തുടരുന്ന അന്വേഷണത്തിന് ചരിത്രത്തെക്കുറിച്ച് നല്ല അറിവുള്ള കറുപ്പന്റെ സാന്നിദ്ധ്യം വിസ്മരിക്കാൻ കഴിയുന്നതല്ല. കുറ്റവാളികൾക്ക് പുറകെയുള്ള

അന്വേഷണവും കണ്ടെത്തലുമൊക്കെയാണ് അപസർപ്പക കഥകളുടെ ആധാരം. അവയുടെ അന്വേഷണത്തിലൂടെ വായനക്കാരിൽ ഉദ്വേഗം ജനിപ്പിച്ചുകൊണ്ടാണ് അപസർപ്പക കൃതികൾ സഞ്ചരിക്കുന്നത്. അടിയാളപ്രേതം ഒരു അപസർപ്പക കൃതിയായി തന്നെയാണ് പുരോഗമിക്കുന്നതെങ്കിലും പലയിടത്തും ദുരൂഹതകൾ എഴുത്തുകാരൻ ഒളിപ്പിച്ചുവയ്ക്കുന്നുണ്ട്. അതോടൊപ്പം യുക്തി പലയിടത്തും ചോദ്യം ചെയ്യപ്പെടുന്നുമുണ്ട്.

**മിത്തുകളുടെ സംഗമസ്ഥലം**

ആചാരങ്ങളിൽ അകപ്പെട്ടുകിടക്കുന്ന ഒരു മിത്താണ് ഈ കൃതിയിലെ കാപ്പിരി മുത്തപ്പന്റേത്. കാപ്പിരി മുത്തപ്പൻ എന്ന സങ്കൽപ്പം കൊച്ചിയുടെ ഓരോ കോണിലും ഈ നൂറ്റാണ്ടിലും അലയടിച്ചുകൊണ്ടിരിക്കുകയാണ്. ആഫ്രിക്കയിൽ നിന്ന് കേരളത്തിലേക്ക് എത്തിയ കാപ്പിരി മുത്തപ്പന് ഒരു ദിവ്യ പരിവേഷമാണ് ലഭിക്കുന്നത്. പ്രാകൃതമായ ആരാധനരീതികളിലൂടെ കാപ്പിരിയുടെ ആത്മാവിന്റെ പ്രീതി പിടിച്ചുപറ്റാൻ ശ്രമിക്കുകയാണ് ജനങ്ങൾ. കാപ്പിരി മത്തപ്പനായുള്ള ആരാധനാ കേന്ദ്രങ്ങളായ മുത്തപ്പൻ മാടങ്ങൾ കൊച്ചി പ്രദേശത്ത് പലയിടങ്ങളിലായി വ്യാപരിച്ചിരിക്കുന്നു. സാധാരണയിൽ നിന്നും വ്യത്യസ്തമായ ആഗ്രഹങ്ങളുമായി മുത്തപ്പനെ സമീപിക്കുന്ന ഭക്തരാണ് ഏറെയും. അവരിൽ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പണത്തിനോട് അത്യാർത്തി ഉണ്ടെന്ന് വ്യക്തമാണ്. നിധികൾ കിട്ടുന്നതുപോലെ അസാധ്യമായ കാര്യങ്ങളെ സാധ്യമാക്കാൻ കാപ്പിരി മുത്തപ്പനെക്കൊണ്ടേ കഴിയുകയുള്ളൂ എന്ന് ജനങ്ങൾ അങ്ങേയറ്റം വിശ്വസിക്കുന്നു. 'കാൽദോ' എന്ന പേരിലെ ഇറച്ചിക്കറിയും, ചുരുട്ടും, മീനും, കരിക്കുകളുമൊക്കെയാണ് മുത്തപ്പൻറെ കാഴ്ച്ചദ്രവ്യങ്ങൾ. പുട്ടും, പുഴുങ്ങിയ മുട്ടയും പ്രിയമേറിയതാണെന്നും ഒരു വിശ്വാസമുണ്ട്. മുളങ്കുഴൽ, ചിരട്ട തുടങ്ങിയവയിൽ പുട്ടുണ്ടാക്കി കാപ്പിരി മാടങ്ങളിൽ സമർപ്പിക്കുന്ന രീതിയും പുട്ട് ഉണ്ടാക്കുമ്പോൾ അതിന്റെ രുചി വർദ്ധിക്കാനായി 'തലപ്പുട്ട് കാപ്പിരിക്ക്' എന്ന് പറഞ്ഞ് നേരുന്ന ഒരു ആചാരവും ഇന്നും നിലവിലുണ്ട്. കാലത്തിൽ ഇത്രയേറെ പുരോഗമനമുണ്ടായിട്ടും മുത്തപ്പനിലുള്ള വിശ്വാസത്തിൽ നിന്നും ജനങ്ങളെ വേർപെടുത്തിയെടുക്കാൻ സാധിക്കുന്നില്ല എന്നതാണ് ഇതിലെ മറ്റൊരു വസ്തുത. തന്റെ അളവറ്റ നിധി കാപ്പിരിയുടെ ആത്മാവ് സംരക്ഷിച്ചുകൊള്ളുമെന്ന അൽമേഡ സായിപ്പിന്റെ വിശ്വാസം മുത്തപ്പൻ മാടങ്ങൾ എന്ന മിത്തുമായി പി. എഫ്. മാത്യൂസ് ബന്ധിപ്പിച്ചിരിക്കുന്നു.

യുക്തിയുടെ ബന്ധനങ്ങളിൽ നിന്നും മലയാള സാഹിത്യത്തിന് വിമോചനം നൽകിക്കൊണ്ടും സ്വന്തമായ പാത്രസൃഷ്ടികൊണ്ടും പരമ്പരാഗത സാഹിത്യശൈലിയിൽ മാറ്റമുണ്ടാക്കിയ എഴുത്തുകാരനാണ് പി. എഫ്. മാത്യൂസ്. ചാവുനിലവും ഇരുട്ടിലൊരു പുണ്യാളനും ബാക്കിവെച്ച ഇരുൾപ്പരപ്പിലെ ദുരൂഹത തന്നെയാണ് അദ്ദേഹത്തിന്റെ എഴുത്തിനെ വേറിട്ടതാക്കുന്നത്.

അടിയാളപ്രേതം കേരളത്തിൽ വേലിക്കെട്ടുകൾ തീർത്ത യുക്തി ഭദ്രതയെ അപ്പാടെ പൊളിച്ചുമാറ്റി. ഇരുട്ടിലൊരു പുണ്യാളൻറെ തുടർച്ചയാകാൻ അടിയാളപ്രേതത്തിനു കഴിഞ്ഞു എന്നത് വളരെ ശ്രദ്ധേയമാണ്. കാപ്പിരിയേയും പോർച്ചുഗീസുകാരെയും കുറിച്ചുള്ള ചരിത്രത്തിന്റെയും അത് നമുക്കായി ബാക്കിയാക്കിയ മിത്തുകളുടെയും ഒരന്വേഷണമാണ് ഈ കൃതി.

**കുറിപ്പ്**

1. അടിയാളപ്രേതം- പി.എഫ്. മാത്യൂസ്- പേജ്. 20
2. അതേ പുസ്തകം- പേജ്. 52

**ഗ്രന്ഥസൂചി**

മാത്യൂസ് പി..എഫ്. അടിയാളപ്രേതം. 2nd ed., ഗ്രീൻബുക്ക്സ്, 2020.